പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 878 30.10.2019-ൽ മറുപടിക്ക്

**സർക്കാർ പാനലിന് പുറത്ത് നിന്നുള്ള അഭിഭാഷകരുടെ സേവനം**

ചോദ്യം

ശ്രീ. സണ്ണി ജോസഫ്

ഉത്തരം

ശ്രീ. എ. കെ. ബാലൻ
ബഹു. പട്ടിക ജാതി പട്ടിക വർഗ്ഗ
പിന്നോക്ക സമുദായ ക്ഷേമവും
നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സർക്കാർ കേസുകൾക്കായി സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഹാജരാകുന്ന സംസ്ഥാന സർക്കാരിന്റെ പാനലിന് പുറത്ത് നിന്നുള്ള അഭിഭാഷകരെ നിശ്ചയിക്കുന്നത് ആരാണ്; ഇവർക്കുള്ള പ്രതിഫലം നിശ്ചയിക്കുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണ്; | സർക്കാർ കേസുകൾക്കായി സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഹാജരാകുന്ന സംസ്ഥാന സർക്കാരിന്റെ പാനലിന് പുറത്ത് നിന്നുള്ള അഭിഭാഷകരെ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശ യോടുകൂടി ഗവൺമെന്റാണ് നിശ്ചയിക്കുന്നത്. ടി അഭിഭാഷകർക്കുള്ള പ്രതിഫലവും മേൽ സൂചിപ്പിച്ച നടപടിയിലൂടെയാണ് നിശ്ചയിക്കുന്നത്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ഏറ്റവും കൂടുതൽ പ്രതിഫലം നൽകി ഏത് കേസ് വാദിക്കുന്നതിനാണ് പുറത്ത് നിന്നുള്ള പ്രമുഖ അഭിഭാഷകരെ ചുമതല പ്പെടുത്തിയത്; | ബഹു. ഹൈക്കോടതി മുൻപാകെയുള്ള റിട്ട് അപ്പീൽ നമ്പർ 628/18. |
| (സി) | പ്രസ്തുത കേസ് ഏതായിരുന്നുവെന്നും അഭിഭാഷകന് നൽകിയ പ്രതിഫലം എത്രയായിരുന്നു; വ്യക്തമാക്കുമോ ? | ബഹു. ഹൈക്കോടതി മുൻപാകെയുള്ള റിട്ട് അപ്പീൽ നമ്പർ 628/18 (സ്റ്റേറ്റ് ഓഫ് കേരള അഭി. സി.പി. മുഹമ്മദ്). |

| | | |
|---|---|---|
| | | ടി കേസിൽ ശ്രീ. വിജയ് ഹൻസാരിയയ്ക്ക് 12,20,000/-രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത കേസിൽ ശ്രീ.അമരേന്ദ്ര ശരൺ, സീനിയർ അഭിഭാഷകന് 22,00,000/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും തുക കൈമാറിയിട്ടില്ല. |

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.